(എ) സംസ്ഥാനത്തെ ജലസേചന പദ്ധതികൾക്ക് വേണ്ടി വരുന്ന റിപ്പയറിംഗിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് റിപ്പയറിംഗ് ജോലികൾ സമയത്ത് നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സംവിധാനം ഉണ്ടോ ;

(സി) ഇല്ലെങ്കിൽ സംവിധാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ജലസേചന പദ്ധതികളിൽ ആവശ്യമായി വരുന്ന അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(ബി) & (സി) ഉണ്ട്.

ചൊവ്വര-പറവൂർ വാട്ടർ സപ്ലൈ സ്കീം

61 (225) ശ്രീ. പി. രാജു ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ചൊവ്വര-പറവൂർ വാട്ടർ സപ്ലൈ സ്കീമിന്റെ ടെണ്ടർ നടപടി സ്വീകരിക്കുവാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(ബി) ചൊവ്വര പദ്ധതിക്ക് ഏത് ഏജൻസിയാണ് വായ്പ നൽകുന്നതെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വായ്പ തുക എത്രയെന്നും എന്നാണ് ലഭിച്ചതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്ന് ആരംഭിച്ചു എന്ന് പൂർത്തിയാക്കണം എന്നാണ് തീരുമാനിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി ടെണ്ടർ നടപടി പൂർത്തിയാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചൊവ്വര-പറവൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പണികൾ ധൃതഗതിയിൽ പൂർത്തീകരിക്കാൻ സ്കീമിന്റെ എല്ലാ ഘടകങ്ങളുടേയും നിർമ്മാണം ഇ.പി.സി.എം. വ്യവസ്ഥയിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനു നൽകുവാൻ തത്വത്തിൽ അതോറിറ്റി തീരുമാനമെടുത്തു. ഈ അടിസ്ഥാനത്തിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും 5530 ലക്ഷം രൂപയുടെ ഓഫർ ലഭിക്കുകയുണ്ടായി. എന്നാൽ ഈ ഓഫർ കൂടിയ നിരക്കായതിനാൽ അവരുമായി വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടർ ചർച്ചകൾ നടത്തിയെങ്കിലും തീരുമാനമെടുക്കാൻ സാധിച്ചിട്ടില്ല. സർക്കാർ 20-12-1999-ൽ സ.ഉ (സാധാ) 1579/99/ഇറി.വ പ്രകാരം ഒരു മൂന്നംഗകമ്മിറ്റിയെ ഓഫർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കമ്മിറ്റി ഇത് പരിശോധിച്ച് വരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയശേഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചൊവ്വര പദ്ധതിക്ക് എൽ.ഐ.സി.യാണ് വായ്പ നൽകുന്നത്.

എസ്റ്റിമേറ്റ് തുക - 37.23. കോടി രൂപ

എൽ.ഐ.സി.യിൽ നിന്നും
കിട്ടുന്ന മൊത്തം വായ്പ - 11.48 കോടി രൂപ

വായ്പയുടെ ആദ്യ ഗഡു 3-1998-ൽ ലഭിച്ചു. ഇതുവരെ (3-1999 വരെ) 4.80 കോടി രൂപ ലഭിച്ചു.

(സി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ഓഫറിൽ മേൽ തീരുമാനത്തിനു ശേഷം പണി ആരംഭിച്ച് 24 മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്.

(ഡി) കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

ആറൻമുള സത്രം കടവിൽ വ്യൂ ടവർ

62 (226) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുളയിൽ സത്രം കടവിൽ 'വ്യൂ ടവർ' നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) വ്യൂ ടവറിന്റെ പണി അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ,ബി&സി) ആറൻമുളയിൽ സത്രം കടവിൽ 'വ്യൂ ടവർ' നിർമ്മിക്കുവാനുള്ള പദ്ധതി പരിഗണനയിലുണ്ട്. വിശദമായ പഠനത്തിന് ശേഷമേ ഇതു നടപ്പിലാക്കാനാവൂ.

കുര്യാർകുറ്റി - കാരപ്പാറ ജലസേചന പദ്ധതി

63 (227) ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുര്യാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതിക്ക് വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വർഷമാണ് ലഭിച്ചത്;

(ബി) അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പദ്ധതിയുടെ ആവശ്യത്തിന് മതിയായ ജലം ലഭ്യമാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിക്കായി എത്ര ഏക്കർ സ്ഥലം നാട്ടുകാർ സൗജന്യമായി നല്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly